**മധുരമായ കുട്ടികളേ – ബാബയുടെ സ്നേഹം നേടണമെങ്കിൽ ആത്മാഭിമാനിയായിരിക്കൂ, ബാബയിൽ നിന്നും നമ്മൾ സ്വർഗ്ഗത്തിന്റെ സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്, ഈ സന്തോഷത്തിൽ കഴിയണം.**

**ചോദ്യം:–** സംഗമത്തിൽ നിങ്ങൾ ബ്രാഹ്മണനിൽ നിന്നും ഫരിസ്തയാകുന്നതിനായി ഗുപ്തമായ ഏതൊരു പുരുഷാർത്ഥമാണ് ചെയ്യുന്നത്?
**ഉത്തരം:–** നിങ്ങൾ ബ്രാഹ്മണർക്ക് പവിത്രമായി മാറുന്നതിന് തന്നെയാണ് ഗുപ്തമായ പരിശ്രമം ചെയ്യേണ്ടത്. നിങ്ങൾ ബ്രഹ്മാവിന്റെ കുട്ടികൾ സംഗമത്തിൽ സഹോദരീ സഹോദരന്മാരാണ്, സഹോദരീ– സഹോദരന്മാരിൽ മോശമായ ദൃഷ്ടിയുണ്ടാവുക സാധ്യമല്ല. പതി–പത്നി ഒരുമിച്ചിരുന്നുകൊണ്ടും നമ്മൾ ബി.കെയാണ് എന്ന് മനസ്സിലാക്കുന്നു. ഈ സ്മൃതിയിലൂടെ എപ്പോൾ പൂർണ്ണമായും പവിത്രമായി മാറുന്നുവോ അപ്പോൾ ഫരിസ്തയാവാൻ സാധിക്കും.

**ഓം ശാന്തി**. മധുര മധുരമായ കുട്ടികളേ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ഇവിടെ ഇരിക്കണം. ഈ രഹസ്യം നിങ്ങൾ കുട്ടികൾക്കും മനസ്സിലാക്കിക്കൊടുക്കണം. ആത്മാഭിമാനിയായി ഇരിക്കുകയാണെങ്കിൽ ബാബയോട് സ്നേഹമുണ്ടാകും. ബാബ നമുക്ക് രാജയോഗം പഠിപ്പിച്ചുതരികയാണ്. ബാബയിൽ നിന്നും നമ്മൾ സ്വർഗ്ഗത്തിന്റെ സമ്പത്ത് എടുക്കുകയാണ്. ഈ ഓർമ്മ മുഴുവൻ ദിവസവും ബുദ്ധിയിൽ ഉണ്ടായിരിക്കണം– ഇതിലാണ് പരിശ്രമം. ഇത് അടിക്കടി മറന്നുപോകുന്നു അതിനാലാണ് സന്തോഷം ഇല്ലാതാവുന്നത്. ബാബ ജാഗ്രത നൽകുകയാണ് ,കുട്ടികളേ ദേഹീ അഭിമാനിയായിരിക്കൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഇപ്പോൾ ആത്മാവും പരമാത്മാവും തമ്മിലുള്ള കൂടിക്കാഴ്ചയല്ലേ. മുൻപും കൂടിക്കാഴ്ച നടന്നിരുന്നു, എപ്പോൾ? തീർച്ചയായും കലിയുഗഅന്ത്യത്തിനും സത്യയുഗ ആരംഭത്തിനും ഇടയിലുള്ള സംഗമത്തിലായിരിക്കും നടന്നിട്ടുണ്ടാവുക. ഇന്ന് കുട്ടികൾക്ക് ടോപ്പിക്ക് അനുസരിച്ച് മനസ്സിലാക്കിത്തരികയാണ്. നിങ്ങൾ ടോപ്പിക്കുകൾ തീർച്ചയായും എടുക്കണം. ഉയർന്നതിലും ഉയർന്നത് ഭഗവാനാണ് പിന്നീട് താഴേക്ക് വരുമ്പോൾ ബ്രഹ്മാ–വിഷ്ണു–ശങ്കരന്മാർ. ബാബയും ദേവതകളും. ശിവനും, ബ്രഹ്മാ വിഷ്ണു ശങ്കരന്മാരും തമ്മിലുള്ള സംബന്ധം എന്താണ് എന്നതുപോലും മനുഷ്യർക്ക് അറിയില്ല. ആർക്കും അവരുടെ ജീവിതകഥ അറിയില്ല. ത്രിമൂർത്തികളുടെ ചിത്രം വളരെ പ്രശസ്തമാണ്. ഇവർ മൂന്നുപേരും ദേവതകളാണ്. മൂന്നുപേർ മാത്രമായി ഒരു ധർമ്മമുണ്ടാകുമോ. ധർമ്മം വലുതായിരിക്കും, ദൈവീക ധർമ്മം. ഇവർ സൂക്ഷ്മവതന വാസികളാണ്, മുകളിലാണ് ശിവബാബ. മുഖ്യമായത് ബ്രഹ്മാവും, വിഷ്ണുവുമാണ്. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾ ടോപ്പിക്ക് നൽകണം– ബ്രഹ്മാവിൽ നിന്നും വിഷ്ണുവും വിഷ്ണുവിൽ നിന്നും ബ്രഹ്മാവുമായി മാറുന്നത് എങ്ങനെയാണ്. എങ്ങനെയാണോ നിങ്ങൾ പറയുന്നത് ശൂദ്രനിൽ നിന്നും ബ്രാഹ്മണൻ, ബ്രാഹ്മണനിൽ നിന്നും ദേവതയെന്ന് അതുപോലെ ബ്രഹ്മാവിനുമുണ്ട്, ആദ്യമാദ്യം ബ്രഹ്മാവിൽ നിന്നും വിഷ്ണു, പിന്നെ വിഷ്ണുവിൽ നിന്നും ബ്രഹ്മാവ്. അവരാണെങ്കിൽ ആത്മാവുതന്നെയാണ് പരമാത്മാവ്, പരമാത്മാവുതന്നെയാണ് ആത്മാവ് എന്ന് പറയുന്നു. ഇത് തെറ്റാണ്. സാധ്യമേയല്ല. അതിനാൽ ഈ ടോപ്പിക്കിൽ നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കണം, പരമാത്മാവ് കൃഷ്ണന്റെ ശരീരത്തിൽ വന്നിട്ടുണ്ട് എന്ന് ചിലർ പറയും. അഥവാ കൃഷ്ണനിൽ വന്നാൽ പിന്നെ ബ്രഹ്മാവിന്റെ പാർട്ട് ഇല്ലാതാകും. കൃഷ്ണൻ സത്യയുഗത്തിലെ ആദ്യത്തെ രാജകുമാരനാണ്. വന്ന് ആരെയെങ്കിലും പാവനമാക്കാൻ അവിടെ എങ്ങനെ പതിതർ ഉണ്ടാകും. തീർത്തും തെറ്റാണ്. ഈ കാര്യങ്ങൾ മഹാരഥികളായ സർവ്വീസബിളായ കുട്ടികൾക്കേ അറിയൂ. ബാക്കി ആരുടേയും ബുദ്ധിയിൽ ഇത് ഇരിക്കില്ല. ഈ ടോപ്പിക്ക് ഒന്നാന്തരമാണ്. ബ്രഹ്മാവ് തന്നെ വിഷ്ണു, വിഷ്ണുതന്നെ ബ്രഹ്മാവ് എങ്ങനെയാണ് ആവുന്നത്. അവരുടെ ജീവിതകഥ പറയുന്നു എന്തെന്നാൽ അവർക്ക് ബന്ധമുണ്ട്. ആരംഭിക്കേണ്ടതും ഇങ്ങനെയാണ്. ബ്രഹ്മാവിൽ നിന്നും ഒരു സെക്കന്റിൽ വിഷ്ണുവാകും. വിഷ്ണു ബ്രഹ്മാവാകുന്നതിന് 84 ജന്മങ്ങളെടുക്കുന്നു. ഇത് മനസ്സിലാക്കേണ്ട വളരെ വലിയ കാര്യമാണ്. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണ കുലത്തിലേതാണ്. പ്രജാപിതാ ബ്രഹ്മാവിന്റെ ബ്രാഹ്മണകുലം എവിടെപ്പോയി? പ്രജാപിതാ ബ്രഹ്മാവിന് പുതിയ ലോകം വേണമല്ലോ. പുതിയ ലോകം സത്യയുഗമാണ്. ഇവിടെ പ്രജാപിതാവില്ല. കലിയുഗത്തിലും പ്രജാപിതാവ് ഉണ്ടാവുക സാധ്യമല്ല. അവർ സംഗമത്തിലാണ്. നിങ്ങൾ ഇപ്പോൾ സംഗമത്തിലാണ്. ശൂദ്രനിൽ നിന്നും നിങ്ങൾ ബ്രാഹ്മണനായിരിക്കുന്നു. ബാബ ബ്രഹ്മാവിനെ ദത്തെടുത്തിരിക്കുന്നു. ശിവബാബ ഇവരെ എങ്ങനെ രചിച്ചു, ഇത് ആർക്കും അറിയില്ല. ത്രിമൂർത്തികളിൽ രചയിതാവായ ശിവബാബയുടെ ചിത്രമില്ല, അതിനാൽ ഉയർന്നതിലും ഉയർന്നത് ഭഗവാനാണ് എന്നത് എങ്ങനെ അറിയാൻ പറ്റും. ബാക്കി എല്ലാവരും അവരുടെ രചനകളാണ്. ഇത് ബ്രാഹ്മണ സമ്പ്രദായമാണ് അതിനാൽ തീർച്ചയായും പ്രജാപിതാവ് വേണം. കലി

യുഗത്തിൽ ഉണ്ടാകില്ല. സത്യയുഗത്തിലും ഉണ്ടാകില്ല. ബ്രാഹ്മണ ദേവീ ദേവതായേ നമ: എന്ന് പാടാറുണ്ട്. ഇപ്പോൾ ബ്രാഹ്മണർ എവിടെയാണ്? പ്രജാപിതാ ബ്രഹ്മാവ് എവിടെയുള്ളവരാണ്? തീർച്ചയായും സംഗമയുഗത്തിലാണ് എന്നാണ് പറയുക. ഇതാണ് പുരുഷോത്തമ സംഗമയുഗം. ഈ സംഗമയുഗത്തെക്കുറിച്ച് ഒരു ശാസ്ത്രത്തിലും വർണ്ണനയില്ല. മഹാഭാരതയുദ്ധവും സംഗമത്തിലാണ് ഉണ്ടാകുന്നത്, അല്ലാതെ സത്യയുഗത്തിലോ കലിയുഗത്തിലോ അല്ല. പാണ്ഢവരും കൗരവരും, ഇവർ സംഗമത്തിലാണ്. നിങ്ങൾ പാണ്ഢവർ സംഗമയുഗികളും, കൗരവർ കലിയുഗികളുമാണ്. ഗീതയിലും ഭഗവാനുവാചാ എന്നുണ്ടല്ലോ. നിങ്ങൾ പാണ്ഢവർ ദൈവീക സമ്പ്രദായത്തിലുള്ളവരാണ്. നിങ്ങൾ ആത്മീയ വഴികാട്ടികളാണ്. നിങ്ങളുടേത് ആത്മീയ യാത്രയാണ്, ഇത് നിങ്ങൾ ബുദ്ധികൊണ്ടാണ് ചെയ്യുന്നത്.

ബാബ പറയുന്നു, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഓർമ്മയുടെ യാത്രയിൽ ഇരിക്കൂ. ഭൗതീക യാത്രയിൽ തീർത്ഥാടനങ്ങൾക്ക് പോയിട്ട് തിരിച്ചുവരുന്നു. അത് അരകൽപം നടക്കുന്നു. ഈ സംഗമയുഗത്തിലെ യാത്ര ഒരു തവണ മാത്രമാണ് നടക്കുന്നത്. നിങ്ങൾ പോയിട്ട് പിന്നീട് ഈ മൃത്യുലോകത്തിലേക്ക് തിരിച്ചുവരികയില്ല. പവിത്രമായി മാറി നിങ്ങൾക്ക് പവിത്രമായ ലോകത്തിൽ വരണം അതിനാൽ നിങ്ങളിപ്പോൾ പവിത്രമായി മാറിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾക്കറിയാം, ഇപ്പോൾ നമ്മൾ ബ്രാഹ്മണ സമ്പ്രദായത്തിലേതാണ്. പിന്നീട് ദൈവീക സമ്പ്രദായം അഥവാ വിഷ്ണു സമ്പ്രദായത്തിലേതാകും. സത്യയുഗത്തിൽ ദേവീ ദേവതകൾ വിഷ്ണു സമ്പ്രദായത്തിലേതാണ്. അവിടെ ചതുർഭുജ പ്രതിമയുണ്ടാകും അതിലൂടെ ഇത് വിഷ്ണു സമ്പ്രദായമാണെന്ന് മനസ്സിലാകും. ഇവിടെയാണെങ്കിൽ രാവണന്റെ പ്രതിമയാണ്, അതിനാൽ രാവണ സമ്പ്രദായമാണ്. അതിനാൽ ഇവിടെ ഈ ടോപ്പിക്കുകൾ എടുക്കുമ്പോൾ മനുഷ്യർ അത്ഭുതപ്പെടും. ഇപ്പോൾ നിങ്ങൾ ദേവതയായി മാറുന്നതിനായി രാജയോഗം പഠിക്കുകയാണ്. ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണരായ നിങ്ങൾ ശൂദ്രനിൽ നിന്നും ബ്രാഹ്മണനായിരിക്കുകയാണ്. ദത്തെടുത്തിരിക്കുകയാണ്. ബ്രാഹ്മണരും ഇവിടെയാണ്, പിന്നീട് ദേവതയാകുന്നതും ഇവിടെത്തന്നെയാണ്. പരമ്പര ഇവിടെയാണ് ഉണ്ടാകുന്നത്. പരമ്പര എന്നത് രാജകുടുംബത്തെയാണ് പറയുന്നത്. വിഷ്ണുവിന്റെ പരമ്പരയാണ്. ബ്രാഹ്മണരുടെ പരമ്പര എന്ന് പറയില്ല. പരമ്പരയായി രാജവംശമാണ് നടക്കുക. ഒന്നിനുപിറകെ രണ്ടാമൻ പിന്നെ മൂന്നാമൻ അങ്ങനെ. ഇപ്പോൾ നിങ്ങൾക്കറിയാം, നമ്മൾ ബ്രാഹ്മണ കുല ഭൂഷണരാണ്. പിന്നീട് ദേവതയായി മാറുന്നു. ബ്രാഹ്മണൻ തന്നെ വിഷ്ണുകുലത്തിലേക്ക് വരുന്നു, വിഷ്ണുകുലത്തിൽ നിന്നും ക്ഷത്രിയ ചന്ദ്രവംശി കുലത്തിലേക്ക്, പിന്നീട് വൈശ്യകുലം പിന്നെ ശൂദ്രകുലത്തിലേക്ക് വരും. പിന്നീട് ബ്രാഹ്മണനും ദേവതയുമായി വീണ്ടും മാറും. അർത്ഥം എത്ര വ്യക്തമാണ്. ചിത്രങ്ങളിൽ എന്തെല്ലാമാണ് കാണിക്കുന്നത്. നമ്മൾ ബ്രാഹ്മണർ തന്നെയാണ് വിഷ്ണുപുരിയുടെ അധികാരിയായി മാറുന്നത്. ഇതിൽ സംശയിക്കരുത്. ബാബ എന്ത് പ്രബന്ധമാണോ നൽകുന്നത് അതിൽ പിന്നീട് വിചാര സാഗര മഥനം നടത്തണം– ആർക്ക് എങ്ങനെ മനസ്സിലാക്കിക്കൊടുക്കാം, ഇവർ മനസ്സിലാക്കിത്തരുന്നത് വളരെ നല്ലതാണ് എന്നുപറഞ്ഞ് മനുഷ്യർ അത്ഭുതപ്പെടണം. ജ്ഞാനസാഗരനല്ലാതെ മറ്റാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. വിചാര സാഗര മഥനം ചെയ്ത് പിന്നീട് ഇരുന്ന് എഴുതണം. ശേഷം വായിച്ചാൽ ചിന്തയിൽ വരും. ഇന്ന ഇന്ന കാര്യങ്ങൾ കൂട്ടിച്ചേർക്കണം. ബാബയും ആദ്യം മുരളി എഴുതി നിങ്ങളുടെ കൈയ്യിൽ തരുമായിരുന്നു. പിന്നീടാണ് കേൾപ്പിച്ചിരുന്നത്. ഇവിടെയാണെങ്കിൽ നിങ്ങൾ വീട്ടിൽ ബാബയോടൊപ്പമാണ് ഇരിക്കുന്നത്. ഇപ്പോൾ നിങ്ങൾക്ക് പുറത്തുപോയി കേൾപ്പിക്കേണ്ടതായി വരുന്നു, ബ്രഹ്മാവ് തന്നെയാണ് വിഷ്ണു എന്ന ടോപ്പിക്ക് വളരെ അത്ഭുതകരമാണ്, ഇത് ആർക്കും അറിയില്ല. വിഷ്ണുവിന്റെ നാഭിയിൽ നിന്നും ബ്രഹ്മാവ് വരുന്നതായി കാണിക്കുന്നു. ഗാന്ധിയുടെ നാഭിയിൽ നിന്നും നെഹ്റുവിനെ കാണിക്കുന്നതുപോലെ. എന്നാൽ പരമ്പര വേണമല്ലോ. ബ്രാഹ്മണ കുലത്തിൽ രാജധാനിയില്ല, ബ്രാഹ്മണ സമ്പ്രദായം തന്നെയാണ് ദൈവീക സമ്പ്രദായമായി മാറുന്നത്. പിന്നീട് ചന്ദ്രവംശി പരമ്പരയുണ്ടാകും അതിൽ നിന്നും വൈശ്യ പരമ്പരയുണ്ടാകും. ഇങ്ങനെ ഓരോ പരമ്പരയും നടക്കും. സത്യയുഗം നിർവ്വികാരീ ലോകമാണ്, കലിയുഗം വികാരീ ലോകമാണ്. ഈ രണ്ട് വാക്കുപോലും ആരുടേയും ബുദ്ധിയിലില്ല. ഉണ്ടായിരുന്നെങ്കിൽ വികാരിയിൽ നിന്നും എങ്ങനെ നിർവ്വികാരിയാകാം എന്നത് തീർച്ചയായും അറിയേണ്ടതാണ്. മനുഷ്യർക്ക് നിർവ്വികാരികളേയും അറിയില്ല, വികാരികളേയും അറിയില്ല. നിങ്ങൾക്ക് മനസ്സിലാക്കിത്തരുകയാണ്, ദേവതകൾ നിർവ്വികാരികളായിരുന്നു. ബ്രാഹ്മണർ നിർവ്വികാരികളാണ് എന്ന് ഒരിക്കലും കേട്ടിട്ടില്ല. പുതിയ ലോകം നിർവ്വികാരിയാണ്, പഴയലോകം വികാരിയാണ്. അപ്പോൾ തീർച്ചയായും സംഗമയുഗം കാണിക്കേണ്ടതായി വരും. ഇതിനെക്കുറിച്ച് ആർക്കും അറിയില്ല. പുരുഷോത്തമ മാസം ആചരിക്കാറുണ്ട്. അവർ മൂന്നു വർഷങ്ങൾക്കുശേഷം ഒരു മാസം ആചരിക്കുന്നു. നിങ്ങൾക്കാണെങ്കിൽ 5000 വർഷങ്ങൾക്കുശേഷമാണ് ഒരു സംഗമയുഗം വരുന്നത്. മനുഷ്യർ ആത്മാവിനേയും പരമാത്മാവിനേയും യഥാർത്ഥ രീതിയിൽ അറിയുന്നില്ല. തിളങ്ങുന്ന അത്ഭുത നക്ഷത്രം എന്ന് പറയുകമാത്രം ചെയ്യുന്നു. ഇങ്ങനെ കാണിക്കുന്നുണ്ട്, രാമകൃഷ്ണ പരമഹംസരുടെ ശിഷ്യൻ വിവേകാനന്ദൻ പറയുമാ

യിരുന്നു ഞാൻ ഗുരുവിന്റെ അടുത്ത് ഇരിക്കുകയായിരുന്നു, ഗുരുവിനേയും ധ്യാനിക്കുമല്ലോ. ഇപ്പോൾ ബാബ പറയുന്നു, എന്നെ മാത്രം ഓർമ്മിക്കൂ. സാക്ഷാത്ക്കാരത്തിന്റെ കാര്യമേയില്ല, ഗുരുവിനെ തീർച്ചയായും ഓർമ്മയുണ്ടാകും. പ്രത്യേകം ഇരുന്ന് ഓർമ്മിക്കുന്നതിലൂടെ എന്താ ഓർമ്മ വരുമോ. അവർക്ക് ഗുരു ഭഗവാനാണ് എന്ന ഭാവനയുണ്ടായിരുന്നു അതിനാലാണ് അവരുടെ ആത്മാവ് ഇറങ്ങി വന്ന് തന്നിൽ ലയിക്കുന്നതായി കണ്ടത്. അത്രമാത്രം, അവരുടെ ആത്മാവ് എവിടെച്ചെന്നിരുന്നു പിന്നീട് എന്ത് സംഭവിച്ചു എന്നതൊന്നും വർണ്ണിച്ചിട്ടില്ല. എനിക്ക് ഭഗവാന്റെ സാക്ഷാത്ക്കാരമുണ്ടായി എന്നതിൽ സന്തോഷിക്കുന്നു. ഭഗവാൻ എന്താണ് എന്നത് അറിയില്ല. ബാബ മനസ്സിലാക്കിത്തരുന്നു, ഏണിപ്പടിയുടെ ചിത്രം ഉപയോഗിച്ച് നിങ്ങൾ മനസ്സിലാക്കിക്കൊടുക്കൂ. ഇത് ഭക്തിമാർഗ്ഗമാണ്. നിങ്ങൾക്കറിയാം, ഒന്ന് ഭക്തിയുടെ ബോട്ടാണ്, പിന്നൊന്ന് ജ്ഞാനത്തിന്റേയും. ജ്ഞാനം വേറെയാണ് ഭക്തി വേറെയാണ്. ബാബ പറയുന്നു, ഞാൻ കൽപം മുൻപ് നിങ്ങൾക്ക് ജ്ഞാനം നൽകിയിരുന്നു, വിശ്വത്തിന്റെ അധികാരിയാക്കി മാറ്റിയിരുന്നു. ഇപ്പോൾ നിങ്ങൾ എവിടെയാണ്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവുമുണ്ട്, എങ്ങനെയാണ് മറ്റു ശാഖകൾ വരുന്നത്, എങ്ങനെയാണ് വൃക്ഷം വൃദ്ധി പ്രാപിക്കുന്നത്. ബൊക്കെ ഉണ്ടാകുമല്ലോ. ഈ സൃഷ്ടിയാകുന്ന വൃക്ഷവും ഒരു ബൊക്കെയാണ്. നടുവിൽ നിങ്ങളുടെ ധർമ്മം പിന്നീട് ഇതിൽ നിന്നും 3 ധർമ്മങ്ങൾ ഉണ്ടാകുന്നു പിന്നീട് അതിൽ നിന്നും വൃദ്ധി പ്രാപിക്കുന്നു. അതിനാൽ ഈ വൃക്ഷത്തേയും ഓർമ്മിക്കണം. എത്രയധികം ചില്ലകളും ശാഖകളുമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അവസാനം വരുന്നവർക്കും അംഗീകാരം ലഭിക്കും. ആൽമരമുണ്ടല്ലോ, തായ്ത്തടിയില്ല. ബാക്കി മുഴുവൻ വൃക്ഷവുമുണ്ട്. ദേവീദേവതാധർമ്മവും നശിച്ചിരിക്കുകയാണ്. തീർത്തും ജീർണ്ണിച്ചു. ഭാരതവാസികൾക്ക് തന്റെ ധർമ്മത്തെക്കുറിച്ച് ഒന്നും അറിയില്ല, ബാക്കി എല്ലാവർക്കും അവരവരുടെ ധർമ്മത്തെക്കുറിച്ച് അറിയാം, ഭാരതവാസികൾ പറയുന്നു, ഞങ്ങൾ ധർമ്മത്തെത്തന്നെ അംഗീകരിക്കുന്നില്ല. മുഖ്യമായത് 4 ധർമ്മങ്ങളാണ്. ബാക്കി ചെറുത് ചെറുത് അനേകമുണ്ട്. ഈ വൃക്ഷത്തേയും സൃഷ്ടി ചക്രത്തേയും നിങ്ങൾ ഇപ്പോൾ അറിഞ്ഞുകഴിഞ്ഞു. ദേവീദേവതാധർമ്മത്തിന്റെ പേരുപോലും കാണാതായി. വീണ്ടും ബാബ ആ ധർമ്മത്തിന്റെ സ്ഥാപന ചെയ്ത് ബാക്കി എല്ലാ ധർമ്മങ്ങളുടേയും വിനാശം ചെയ്യുന്നു. ചക്രത്തിന്റെ ചിത്രത്തിലേക്കും തീർച്ചയായും കൊണ്ടുപോകണം, അത് സത്യയുഗമാണ്, ഇത് കലിയുഗമാണ്. കലിയുഗത്തിൽ എത്ര ധർമ്മമാണ്, സത്യയുഗത്തിൽ ഒരു ധർമ്മമേയുള്ളു. ഒരു ധർമ്മത്തിന്റെ സ്ഥാപനയും അനേകം ധർമ്മങ്ങളുടെ വിനാശവും ചെയ്യുന്നത് ആരായിരിക്കും? ഭഗവാനും തീർച്ചയായും ആരിലൂടെയെങ്കിലുമായിരിക്കും ചെയ്യിക്കുക. ബാബ പറയുന്നു, ബ്രഹ്മാവിലൂടെ ആദി സനാതന ദേവീദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നു. ബ്രാഹ്മണർ തന്നെയാണ് വിഷ്ണുപുരിയിലെ ദേവതയായി മാറുന്നത്. സംഗമത്തിൽ നിങ്ങൾ ബ്രാഹ്മണർക്ക് പവിത്രമായി മാറുന്നതിനുള്ള ഗുപ്തമായ പരിശ്രമമാണ് ചെയ്യേണ്ടത്. നിങ്ങൾ ബ്രഹ്മാവിന്റെ കുട്ടികൾ സംഗമത്തിൽ സഹോദരീ സഹോദരൻമാരാണ്. സഹോദരീ സഹോദരന്മാർക്കിടയിൽ മോശമായ ദൃഷ്ടിയുണ്ടാവുക സാധ്യമല്ല. പതി-പത്നി രണ്ടുപേരും ഞങ്ങൾ ബി. കെയാണ് എന്ന് മനസ്സിലാക്കുന്നു. ഇതിൽ വളരെ പരിശ്രമമുണ്ട്. പതി-പത്നിയുടെ ആകർഷണം ഇങ്ങനെയുള്ളതായിരിക്കും, സ്പർശിക്കാതിരിക്കാൻ അവർക്ക് സാധിക്കില്ല. ഇവിടെ സഹോദരീ സഹോദരന്മാർക്ക് സ്പർശിക്കേണ്ട ആവശ്യമേയില്ല, ഇല്ലെങ്കിൽ പാപത്തിന്റെ ഫീലിംഗ് ഉണ്ടാകും. നമ്മൾ ബി. കെയാണ് എന്നത് മറന്നുപോകുമ്പോൾ പിന്നെ അവസാനിക്കും. ഇതിൽ ഗുപ്തമായ ഒരുപാട് പരിശ്രമമുണ്ട്. തീർച്ചയായും യുഗൾ ആയിരിക്കുന്നു ആർക്കെന്തറിയാം, അവർക്കേ സ്വയം അറിയൂ ഞങ്ങൾ ബി. കെയാണ്, ഫരിസ്തയാണ്. തൊടരുത്. ഇങ്ങനെ ചെയ്ത് ചെയ്ത് സൂക്ഷ്മവതനവാസി ഫരിസ്തയായി മാറും. ഇല്ലെങ്കിൽ ഫരിസ്തയാവാൻ സാധിക്കില്ല. ഫരിസ്തയാവണമെങ്കിൽ പവിത്രമായിരിക്കണം. ഇങ്ങനെയുള്ള ജോഡിയുണ്ടെങ്കിൽ നമ്പർ വൺ ആവും. പറയുന്നു ദാദ എല്ലാം അനുഭവിച്ചവരാണ്, അവസാനം സന്യാസം ചെയ്തു, ആരാണോ ജോഡിയായി വരുന്നത് അവർക്കാണ് കൂടുതൽ പരിശ്രമം. പിന്നീട് ഇതിൽ ജ്ഞാനവും യോഗവും വേണം. ധാരാളം പേരെ തനിക്കുസമാനമാക്കി മാറ്റിയാലേ വലിയ രാജാവായി മാറൂ. ഒരു കാര്യം മാത്രമല്ലല്ലോ ഉള്ളത്. ബാബ പറയുന്നു, നിങ്ങൾ ശിവബാബയെ ഓർമ്മിക്കൂ. ഇത് പ്രജാപിതാവാണ്. വളരെ അധികം പേർ ഇങ്ങനെയുണ്ട് അവർ പറയും, ഞങ്ങൾക്ക് ശിവബാബയോടാണ് ബന്ധം. ഞങ്ങൾ ബ്രഹ്മാബാബയെ എന്തിന് ഓർമ്മിക്കണം! അവർക്ക് എന്തിന് കത്ത് എഴുതണം! ഇങ്ങനെയുമുണ്ട്. നിങ്ങൾ ഓർമ്മിക്കേണ്ടത് ശിവബാബയേയാണ് അതിനാൽ ബാബ ഫോട്ടോ പോലും തരുന്നില്ല. ഇദ്ദേഹത്തിൽ ശിവബാബ വരുന്നു, ഇദ്ദേഹം ദേഹധാരിയല്ലേ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബയിൽ നിന്നും സമ്പത്ത് ലഭിക്കുന്നു. മനുഷ്യർ സ്വയം ഈശ്വരനാണ് എന്ന് പറയുന്നു അതിലൂടെ എന്താണ് ലഭിക്കുന്നത്, ഭാരതവാസികൾക്ക് എത്ര നഷ്ടമുണ്ടാകുന്നു. പൂർണ്ണമായും ഭാരതവാസികൾ പാപ്പരായിരിക്കുന്നു. പ്രജകളിൽ നിന്നും ഭിക്ഷ യാചിച്ചുകൊണ്ടിരിക്കുന്നു. 10-20 വർഷത്തിന് ലോൺ എടുക്കുന്നു പിന്നെ തിരിച്ചുകൊടുക്കുന്നില്ല. എടുക്കുന്നയാളും, നൽകുന്നയാളും, രണ്ടുപേരും ഇല്ലാതാകും. കളി തന്നെ അവസാനിക്കാനുള്ളതാണ്. അനേകം അപകടങ്ങൾ തലക്കുമുകളിലുണ്ട്. ദാരിദ്ര്യം, അസുഖങ്ങൾ മുതലായവ

ഒരുപാടുണ്ട്. ധനവാന്റെ കൈയ്യിൽ പണം ഏൽപ്പിക്കും പിന്നീട് അവർ പാപ്പരായാൽ ദരിദ്രർക്ക് എത്ര ദുഃഖമുണ്ടാകും. ഓരോ ചുവടിലും ദുഃഖം തന്നെ ദുഃഖമാണ്. പെട്ടെന്ന് ഇരുന്നയിരുപ്പിൽ മരിച്ചുപോകും. ഇത് മൃത്യുലോകമാണ്. അമരലോകത്തിലേക്ക് നിങ്ങൾ ഇപ്പോൾ പോയിക്കൊണ്ടിരിക്കുകയാണ്. അമരപുരിയുടെ ചക്രവർത്തിയാവുകയാണ്. അമരനാഥൻ നിങ്ങൾ പാർവ്വതിമാർക്ക് സത്യം സത്യമായ അമരകഥ കേൾപ്പിക്കുകയാണ്. നിങ്ങൾക്കറിയാം അമരനായത് ബാബയാണ്, ബാബയിൽ നിന്നും നമ്മൾ അമരകഥ കേൾക്കുകയാണ്. ഇപ്പോൾ അമരലോകത്തിലേക്ക് പോകണം. ഈ സമയത്ത് നിങ്ങൾ സംഗമയുഗത്തിലാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ മക്കൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) വിചാര സാഗര മഥനം ചെയ്ത് "ബ്രഹ്മാവ് തന്നെ വിഷ്ണു" ആകുന്നത് എങ്ങനെയാണ്, ഈ ടോപ്പിക്ക് കേൾപ്പിക്കണം. ബുദ്ധിയെ ജ്ഞാന മനനത്തിൽ ബിസിയാക്കി വെയ്ക്കണം.

2) രാജ്യപദവി പ്രാപ്തമാക്കുന്നതിനായി ജ്ഞാനയോഗത്തോടൊപ്പം തനിക്കുസമാനമാക്കി മാറ്റുന്ന സേവനവും ചെയ്യണം. തന്റെ ദൃഷ്ടിയെ വളരെ ശുദ്ധമാക്കി വെക്കണം.

## വരദാനം- സർവ്വസംബന്ധങ്ങളുടേയും അനുഭവം ഒരുബാബയുമായി വെക്കുന്ന അക്ഷീണരും, വിഘ്നവിനാശകരുമായി ഭവിക്കട്ടെ.

ഏത് കുട്ടികളാണോ സർവ്വസംബന്ധങ്ങളും ഒരു ബാബയുമായി വെച്ചിട്ടുള്ളത് അവർക്ക് മറ്റ് സംബന്ധങ്ങളെല്ലാം നിമിത്തമാത്രമായി അനുഭവം ചെയ്യാനാകും. അവർ സദാ സന്തോഷത്തിൽ നൃത്തം ചെയ്യുന്നവരായിരിക്കും, ഒരിക്കലും ക്ഷീണമുണ്ടാകില്ല. അക്ഷീണരായിരിക്കും. ബാബയിലും, സേവനത്തിലും തന്നെ മുഴുകിയിരിക്കും. വിഘ്നങ്ങൾ കാരണം നിന്നുപോകുന്നതിനുപകരം സദാ വിഘ്നവിനാശകരായിരിക്കും. സർവ്വസംബന്ധങ്ങളുടേയും അനുഭൂതി ഒരു ബാബയുമായിട്ടായതുകാരണം ഡബിൾലൈറ്റും ആയിരിക്കും. ഒരുവിധത്തിലുള്ള ഭാരവും ഉണ്ടാകില്ല. എല്ലാ പരാതികളും (കംപ്ളൈന്റ്സും) സമാപ്തമാകും, സമ്പൂർണ്ണസ്ഥിതി(കംപ്ളീറ്റ്) അനുഭവം ചെയ്യും, സഹജയോഗികളായി മാറും.

## സ്ലോഗൻ- സങ്കൽപത്തിൽപോലും ഒരു ദേഹധാരിയുടെ നേർക്ക് ആകർഷിതരാവുക എന്നാൽ വിശ്വസ്തതയില്ലാത്തവരാവുക എന്നാണർത്ഥം.

**അവ്യക്തസൂചന-ആത്മസ്ഥിതിയിൽ ഇരിക്കുന്നതിനുള്ള അഭ്യാസം ചെയ്യൂ,അന്തർമുഖിയാകൂ...**
എങ്ങിനെയാണോ ബഹിരാകാശപേടകത്തിൽ പോകുന്നവർക്ക് ഉയരത്തിലായതുകാരണം ഭൂമിയുടെ ഏതുഭാഗത്തിന്റെയും ഫോട്ടോ എടുക്കാനാവുന്നത് അതുപോലെ സൈലൻസിന്റെ ശക്തിയിലൂടെയും, അന്തർമുഖതയിലൂടെയും, മനസാശക്തിയിലൂടെയും, ഏത് ആത്മാവിനും ചരിത്രവാനും, ശ്രേഷ്ഠആത്മാവുമാകാനുള്ള പ്രേരണ നൽകാനാവും.